# പതിനഞ്ചാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2023-2026)

## പതിനാറാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021) യുടെ ഇരുപത്തി അഞ്ചാമത് റിപ്പോർട്ടിലെ (ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗവും പ്രവർത്തനവും സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

(2024 ജൂലൈ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

# പതിനഞ്ചാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2023-2026)

## പതിനാറാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021) യുടെ ഇരുപത്തി അഞ്ചാമത് റിപ്പോർട്ടിലെ (ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗവും പ്രവർത്തനവും സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

**ഉള്ളടക്കം**


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| അദ്ധ്യായം I: | | |
| റിപ്പോർട്ട് | : | 1 |
| അദ്ധ്യായം II: | | |
| ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | : | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2023-2026)

**ഘടന**

**<u>അദ്ധ്യക്ഷ</u>**

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

**<u>അംഗങ്ങൾ</u>**

ശ്രീ. ആന്റണി രാജു

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി

ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026)യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21) യുടെ ഇരുപത്തി അഞ്ചാമത് റിപ്പോർട്ട് (ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗവും പ്രവർത്തനവും സംബന്ധിച്ച്) 2021 ജനുവരി 20-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 51 ഖണ്ഡികകളിലായി ആകെ 19 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2024 ജൂലൈ മാസം 4-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. കെ. ശൈലജ ടീച്ചർ,**
*ചെയർപേഴ്സൺ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജൂലൈ 9

## റിപ്പോർട്ട്

## അദ്ധ്യായം I

പതിനഞ്ചാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021)യുടെ ഇരുപത്തി അഞ്ചാമത് റിപ്പോർട്ട് (ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗവും പ്രവർത്തനങ്ങളും സംബന്ധിച്ച്) 2021 ജനുവരി മാസം 20-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 19 ശിപാർശകളാണുണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പ് 27.05.2021-ന് സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 12.08.2022, 04.11.2022, 26.03.2024, 24.05.2024, 04.07.2024 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2019-2021)യുടെ ഇരുപത്തി അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## അദ്ധ്യായം II

ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

[ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്]

### ശിപാർശ 1 (ഖണ്ഡിക 14)

2012-13 മുതൽ 2017-18 കാലയളവുവരെ ജില്ലാ ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ വകയിരുത്തിയതിന്റെ വളരെ കുറഞ്ഞ ശതമാനം തുക മാത്രമാണ് ചെലവഴിച്ചിരുന്നത് എന്ന് സമിതി നിരീക്ഷിക്കുന്നു.

ആയതിനാൽ വകയിരുത്തുന്ന തുക വിനിയോഗിക്കാതെ ഭൂരിഭാഗവും സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടി വരുന്ന സ്ഥിതി കഴിവതും ഒഴിവാക്കി കാലവിളംബം കൂടാതെ പദ്ധതികൾ പൂർത്തീകരിക്കുകയും വിഹിത വിനിയോഗത്തിൽ പരമാവധി കാര്യക്ഷമത ഉറപ്പു വരുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

2012-13 മുതൽ 2017-18 കാലയളവിൽ എറണാകുളം, തൃശ്ശൂർ, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ 6 ജില്ലകളിൽ സെക്രട്ടേറിയറ്റിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞു. മറ്റു ജില്ലകളിൽ നിർമ്മാണം പുരോഗമിക്കുന്നതിനാൽ ജില്ലകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള വിവിധ പ്രവൃത്തികൾക്കായി മേൽ പരാമർശിച്ചിട്ടുള്ള വർഷങ്ങളിൽ തുക വകയിരുത്തിയിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുക്കൽ സംബന്ധമായി വന്ന തർക്കങ്ങൾ കാരണവും അടിക്കടി വന്ന എസ്റ്റിമേറ്റ് റിവിഷൻ മൂലവും ജില്ലകളിൽ കെട്ടിട നിർമ്മാണം മന്ദഗതിയിലാവുകയും വകയിരുത്തിയ തുക ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യവും ഉണ്ടാവുകയുണ്ടായി . നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡ് നിരന്തരം മോണിറ്റർ ചെയ്യുകയും കാലതാമസം കൂടാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2018-19, 2019-20 കാലയളവിൽ മലപ്പുറം , കോഴിക്കോട്, ഇടുക്കി, കൊല്ലം ജില്ലകളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം ഇനിയും പൂർത്തിയാകാനുള്ള 4 ജില്ലകളിലെയും കെട്ടിടങ്ങളുടെ നിർമ്മാണ

പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക.

**ശിപാർശ 2 (ഖണ്ഡിക 15)**

ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് കെട്ടിടങ്ങൾ തിരുവനന്തപുരം , പത്തനംതിട്ട, കോട്ടയം, പാലക്കാട് എന്നിവയൊഴികെയുള്ള എല്ലാ ജില്ലകളിലും പ്രവർത്തനമാരംഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ജില്ലകളിലും പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് എത്രയും വേഗം പ്രവർത്തനമാരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

നിലവിൽ തിരുവനന്തപുരം , പത്തനംതിട്ട, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ മാത്രമാണ് ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം ആരംഭിക്കാനുള്ളത്. തിരുവനന്തപുരം ജില്ലയിൽ സ്ഥലം ഏറ്റെടുക്കലിനെ ചൊല്ലിയുള്ള തർക്കങ്ങൾ മൂലം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകുകയുണ്ടായി. 2018-19 ൽ 17.25 കോടി രൂപയുടെ പ്രൊപ്പോസൽ ജില്ലാ ആസൂത്രണ സമിതി സമർപ്പിച്ചെങ്കിലും 2018-ലെ പ്രളയ സാഹചര്യത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് മൂലം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാതെ വരികയും ചെയ്തു. ഇപ്പോൾ സ്ഥലം കൈമാറൽ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പ് വർഷം ആരംഭിക്കാവുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

പത്തനംതിട്ട ജില്ലയിൽ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിന്റെ എസ്റ്റിമേറ്റിൽ വന്ന പിഴവുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും സർക്കാർ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി നിർമ്മാണ

പ്രവർത്തനങ്ങൾ പരിശോധിച്ച് വീഴ്ച്ചവരുത്തിയവർക്കെതിരെ നടപടിയെടുക്കുവാൻ ശിപാർശ ചെയ്യുകയും നിർമ്മാണം പൂർത്തിയാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പുനരാരംഭിക്കുകയും തുടർന്നുള്ള പ്രവൃത്തികൾക്ക് ആസൂത്രണ സമിതി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കോട്ടയം ജില്ലയിൽ സിവിൽ വർക്കുകൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പൂർത്തിയാക്കി ഓഫീസ് പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ജില്ലാ ആസൂത്രണ സമിതി കെട്ടിടം പാലക്കാട് കോട്ടയുടെ അടുത്തായത് മൂലം നാഷണൽ മോണ്യുമെന്റ് അതോറിറ്റി സ്റ്റോപ്പ് മെമ്മോ പുറപ്പെടുവിക്കുകയും നിർമ്മാണം നിർത്തിവെക്കേണ്ട സ്ഥിതി ഉണ്ടാവുകയും ചെയ്തു. സർക്കാർ തലത്തിൽ ഈ വിഷയം ഏറ്റെടുക്കുകയും സ്റ്റോപ്പ് മെമ്മോ നീക്കി നിർമ്മാണം പുനരാരംഭിക്കാൻ അനുവാദം നൽകണമെന്ന് നാഷണൽ മോണ്യുമെന്റ് അതോറിറ്റിക്ക് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൻമേൽ തുടർ തീരുമാനം ലഭ്യമായെങ്കിൽ മാത്രമേ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

ഇനിയും നിർമ്മാണം പൂർത്തീകരിക്കാത്ത തിരുവനന്തപുരം, പത്തനംതിട്ട, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിലെ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക.

**സർക്കാർ സ്വീകരിച്ച നടപടി [ശിപാർശ നം. 1 (ഖണ്ഡിക നം. 14) & ശിപാർശ നം. 2 (ഖണ്ഡിക നം.15)]**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

പത്ത് ജില്ലകളിൽ ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണം

പൂർത്തീകരിച്ചിട്ടുണ്ട്. കോട്ടയം, തിരുവനന്തപുരം, പത്തനംതിട്ട, പാലക്കാട് എന്നീ 4 ജില്ലകളിലായിരുന്ന നിർമ്മാണം ഇനിയും പൂർത്തീകരിക്കാനുള്ളത് . ഇതിൽ കോട്ടയം ജില്ലയിലെ ഡി .പി.സി. സെക്രട്ടേറിയറ്റ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായിട്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിൽ ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണ-സാങ്കേതിക അനുമതികൾ ലഭ്യമായിട്ടുള്ളതും നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

പാലക്കാട് ജില്ലയിൽ ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണം പുരോഗമിക്കവെ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ NOC ലഭ്യമായിട്ടില്ലാത്തതിനാൽ നിർമ്മാണത്തിന് സ്റ്റോപ്പ് മെമ്മോ ലഭിക്കുകയും നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കുകയും ചെയ്തിട്ടുള്ളതാകുന്നു . സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലിനെത്തുടർന്ന് 7 വർഷത്തിനുശേഷം 2022-ൽ ദേശീയ സ്മാരക അതോറിറ്റിയിൽ നിന്നും NOC ലഭിക്കുകയും തുടർന്ന് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുകയും ചെയ്യുവാനായി 3.49 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ജില്ലാ പ്ലാനിംഗ് ഓഫീസർ സമർപ്പിക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.

പത്തനംതിട്ട ജില്ലയിലെ സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ രണ്ടാം ഘട്ട കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

<u>**ശിപാർശ 3 (ഖണ്ഡിക 16)**</u>

പുത്തൻ വികസന വെല്ലുവിളികളെ നേരിടുന്നതിനും വിവര സാങ്കേതിക വിദ്യയും ഇ-ഗവേർണൻസും ലഭ്യമാക്കുന്ന സാധ്യതകൾ സ്വായത്തമാക്കുന്നതിനും വേണ്ടി ജില്ലാ ആസൂത്രണ സമിതി സംവിധാനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ജില്ലാ ആസൂത്രണ ഓഫീസുകളിൽ ഇ -ഓഫീസ് പ്രവർത്തനം

ആരംഭിക്കുന്നതിനായി ജില്ലാ ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ തുക വകയിരുത്തിയിരുന്നു. മലപ്പുറം, കണ്ണൂർ ജില്ലകളിലൊഴികെ മറ്റെല്ലാ ജില്ലകളിലും ഇ-ഓഫീസിന്റെ പ്രവർത്തനം പൂർണ്ണതോതിൽ നടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ജില്ലകളിലും എത്രയും വേഗം ഇ-ഓഫീസിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്</u>**

മലപ്പുറം, കണ്ണൂർ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇ-ഓഫീസിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്.

**<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>**

ജില്ലാ ആസൂത്രണ ഓഫീസുകളിൽ ഇ -ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ ജീവനക്കാരുടെ അപര്യാപ്തത പരിഹരിച്ച് ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്</u>**

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും സജ്ജമാക്കുകയും തപാലുകളും ഫയലുകളും ഇ-ഓഫീസ് വഴി അയയ്ക്കുകയും ചെയ്യുന്നുണ്ട്. എല്ലാ ഓഫീസുകളിലും ഇ-ഫയൽ 7.2.5 എന്ന നവീകരിച്ച പതിപ്പാണ് ഉപയോഗിച്ചു വരുന്നത്.

**<u>ശിപാർശ 4 (ഖണ്ഡിക 18)</u>**

എല്ലാ വകുപ്പുകളും അവരുടെ ഭൗതിക നേട്ടങ്ങൾ യഥാസമയം പ്ലാൻ സ്പേസിൽ ലഭ്യമാക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകണമെന്നും അത്

പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തണമെന്നും അതിലൂടെ ഭരണപരമായ സുതാര്യത അനുഭവവേദ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**വിനോദസഞ്ചാസര (സി) വകുപ്പ്**

വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള പദ്ധതികൾ സംബന്ധിച്ച ഭരണാനുമതികൾ, പദ്ധതി വിഹിതത്തിലെ ചെലവുകൾ തുടങ്ങിയ വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ പ്ലാൻ സ്പേസിൽ ചേർത്ത് വിവരങ്ങൾ പരിപാലിച്ച് വരുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

എല്ലാ വകുപ്പുകൾക്കും അവരുടെ ഭൗതിക നേട്ടങ്ങൾ യഥാസമയം പ്ലാൻസ്പേസിൽ രേഖപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും നൽകിയിട്ടുണ്ട്. ജില്ലാതലത്തിലുള്ള വകുപ്പുകളുടെ ഭൗതിക നേട്ടങ്ങൾ പ്ലാൻ സ്പേസിൽ രേഖപ്പെടുത്തുന്നതിന് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും ജില്ലാ ആസൂത്രണ ആഫീസുകൾ മുഖേന നൽകി വരുന്നുണ്ട് . വകുപ്പുകൾ നടപ്പാക്കുന്ന ഓരോ പദ്ധതികളുടെയും ഭൗതിക നേട്ടങ്ങളും ജിയോടാഗ് ചിത്രങ്ങളും അവയുടെ വിവരണവും യഥാസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം പ്ലാൻസ്പേസിന്റെ പുതിയ വെർഷനായ പ്ലാൻസ്പേസ് 2.0 യിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ് . ഈ പ്രവർത്തനത്തിലൂടെ സമയബന്ധിതമായി പദ്ധതി നിർവ്വഹണം വിവിധ തലങ്ങളിൽ നിരീക്ഷിക്കുന്നതിലൂടെ ഭരണപരമായ സുതാര്യത അനുഭവവേദ്യമാക്കുന്നതിന് സാധ്യമാകുന്നതാണ്.

**ശിപാർശ 5 (ഖണ്ഡിക 19)**

നിലവിലെ സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെ മെച്ചപ്പെടുത്തുന്നതിനും പുരോഗതി കൈവരിക്കുന്നതിനും പ്രയോജനകരമായ മാർഗ്ഗരേഖകൾ കേരള

പരിപ്രേക്ഷ്യം പദ്ധതി 2030 ൽ ഉണ്ടോയെന്ന് വിലയിരുത്തണമെന്നും ആയത് സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

**കേരള പരിപ്രേക്ഷ്യ പദ്ധതി 2030**

സംസ്ഥാന ആസൂത്രണ ബോർഡ് നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ആന്റ് ഇക്കണോമിക് റിസർച്ചിന്റെ (എൻ.സി.എ.ഇ.ആർ.) സഹായത്തോടെയാണ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030 തയ്യാറാക്കിയത്. കേരള പരിപ്രേക്ഷ്യ പദ്ധതി 2030 നാല് വാല്യങ്ങളായി തയ്യാറാക്കി 08.08.2014-ൽ സംസ്ഥാന സർക്കാർ അംഗീകാരം നൽകി 2015 ജൂലൈ 15 ന് ബഹു. മുഖ്യമന്ത്രി പ്രകാശനം ചെയ്തിട്ടുണ്ട്.

കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന്റെ വികസന കാഴ്ചപ്പാട്, ദൗത്യം, ലക്ഷ്യം ഉദ്ദേശ്യ ലക്ഷ്യങ്ങളും വികസനത്തിന്റെ ഒരു തന്ത്രപരമായ ആവിഷ്കാരവും അവ നേടിയെടുക്കാനുള്ള ഒരു ഉന്നത നിലവാരത്തിലുള്ള തന്ത്രവുമാണ് . വിഭവങ്ങൾ, കഴിവുകൾ, ശേഷികൾ എന്നിവയടങ്ങുന്ന ചട്ടക്കൂടിന് ചുറ്റുമുള്ള ഒരു കർമ്മ പദ്ധതിയും ഇത് വ്യക്തമാക്കുന്നു. കേരള പരിപ്രേക്ഷ്യ പദ്ധതി 2030 നിർണ്ണായകമായ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അന്താരാഷ്ട്ര അനുഭവങ്ങൾ വച്ച് സുസ്ഥിരവും ഉൾച്ചേർന്ന വളർച്ചാ രീതിക്ക് ഒരു തന്ത്രപരമായ ചട്ടക്കൂട് നൽകുന്നു . വികസിത രാജ്യങ്ങളുടെ അളവുകോൽ കേരളത്തിനും അടിസ്ഥാനമാക്കുക , മികച്ച പ്രാദേശിക, അന്തർദേശീയ സമ്പ്രദായങ്ങൾ പരിശോധിക്കൽ , കൂടാതെ വികസന ആസൂത്രണത്തിനും വിഭവ ആവശ്യകതയും അടിസ്ഥാനം നൽകുന്നു. കേരള പരിപ്രേക്ഷ്യ പദ്ധതി പഞ്ചവത്സര പദ്ധതിയിലൂടെയും വാർഷിക പദ്ധതിയിലൂടെയുമാണ് നടപ്പിലാക്കേണ്ടത്.

അടുത്ത മൂന്ന് പഞ്ചവത്സര പദ്ധതികളിൽ കുറഞ്ഞത് കേരള സംസ്ഥാനത്തിന്റെ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ ഏകദേശം 40

ശതമാനം തുക ആവശ്യമാണെന്ന് കേരള പരിപ്രേക്ഷ്യ പദ്ധതി 2030 വിഭാവനം ചെയ്യുന്നു. ഇതിന് വേണ്ടി വലിയതോതിൽ വിഭവ സമാഹരണം വേണ്ടി വരും. ഇതിനായി താഴെ പറയുന്ന മേഖല/സെക്ടറുകളിൽ നിക്ഷേപം ആവശ്യമാണ്.

1. അടിസ്ഥാന സൗകര്യങ്ങൾ - ഗതാഗതം, ഊർജ്ജം, നഗര വികസനം, വെള്ളം, ശുചിത്വം, വിവര ആശയവിനിമയ സാങ്കേതികവിദ്യ ഈ മേഖലകൾ സമ്പദ് വ്യവസ്ഥയിൽ നേരിട്ടും അല്ലാതെയും സ്വാധീനം ചെലുത്തുന്നു. ഈ പ്രവർത്തനം എല്ലാ മേഖലകളിലും അതിരുകൾക്കതീതമായാണ് നിൽക്കുന്നത്. കൂടാതെ കമ്പോള മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളും വിപണനവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ മത്സ്യ മാർക്കറ്റുകൾ, കൃഷി, ക്ഷീര, കൈത്തറി വിപണികൾ, കയർ മാർക്കറ്റുകൾ തുടങ്ങിയവ ഉൾക്കൊള്ളുന്നു.
2. വിജ്ഞാന കേന്ദ്രങ്ങൾ - വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ പ്രത്യേകമായി വിജ്ഞാന കേന്ദ്രങ്ങളും, സ്മാർട്ട് ഗ്രീൻ നഗരങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കലും അടിസ്ഥാനപരമായി നഗരങ്ങൾ വിജ്ഞാന കേന്ദ്രങ്ങളായിരിക്കും. കേരളത്തിന്റെ നിലവിലുള്ള വിജ്ഞാന അടിത്തറ കണക്കിലെടുക്കുമ്പോൾ പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടി, കയർ, മത്സ്യബന്ധനം, വന ഉൽപ്പന്നങ്ങൾ എന്നിവയ്ക്കൊപ്പവും പുതുതായും വിജ്ഞാന കേന്ദ്രങ്ങൾ സൃഷ്ടിക്കണം.
3. ടൂറിസം, വിവര വിനിമയ സാങ്കേതിക വിദ്യ ലോജിസ്റ്റിക് ഇൻഡസ്ട്രി, പാരിസ്ഥിതിക സേവനം, സേവന മേഖലയിലെ ഗവേഷണവും വികസനവും എന്നീ മേഖലകളിൽ നിക്ഷേപം.
4. വ്യവസായ മേഖലയിലെ നിക്ഷേപം - അഗ്രോ പ്രോസസ്സിംഗ്, ലോജിസ്റ്റിക് ഹബ്, ന്യൂക്ലിയർ ഊർജ്ജത്തിനുള്ള ഉപകരണങ്ങളുടെ നിർമ്മാണം , പരിസ്ഥിതിയുമായി ബന്ധപ്പെട്ട് കാറ്റാടി വൈദ്യുതി തുടങ്ങിയ വ്യാവസായ

മേഖലകൾ, പ്രത്യേക ഉൽപ്പന്നങ്ങൾക്കുള്ള ക്ലസ്റ്ററുകൾ എന്നീ വ്യാവസായിക മേഖലകളിൽ നിക്ഷേപം നടത്തുക.

5. ഗവേഷണവും വികസനവും, ഇന്നവേഷനും പ്രോത്സാഹിപ്പിക്കലും.
6. ജലമലിനീകരണം കുറയ്ക്കൽ.
7. ദുർബല വിഭാഗങ്ങൾക്ക് സാമൂഹിക സുസ്ഥിരതയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം.

മുൻ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ 2016-17 വാർഷിക പദ്ധതിയിലും സംസ്ഥാന ബജറ്റിലും കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ൽ പൊതുവായും പ്രധാന മേഖലകളിൽ പ്രത്യേകിച്ചും നിർദ്ദേശിച്ചിട്ടുള്ള ചില തന്ത്രങ്ങൾ /കർമ്മ പദ്ധതികൾ പ്രതിഫലിക്കുന്നുണ്ട്. പ്രധാന മേഖലകളിലെ പദ്ധതി നിർദ്ദേശത്തിൽ നിലവിലുള്ളതും, തുടർ പദ്ധതിയിലെ ചില ഘടകങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെടുത്തുകയും, അതോടൊപ്പം നിലവിലുള്ള ചില ഘടകങ്ങൾ തുടർന്നിട്ടുമുണ്ട്. മുഖ്യ അടിസ്ഥാന സൗകര്യ വികസന പ്രൊജക്ടുകൾ എന്ന പ്ലാൻ പദ്ധതിക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 6623.61 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുഖ്യ അടിസ്ഥാന സൗകര്യ വികസന പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 17 വിവിധ പരിപാടികളായ വിഴിഞ്ഞം പദ്ധതി, ഐ.ഐ.റ്റി. പാലക്കാട്, മെട്രോ റെയിൽ, ലൈറ്റ് മെട്രോ മൊബിലിറ്റി ഹബ്, കൊല്ലത്തും ആലപ്പുഴയിലും എൻ.എച്ച്. ബൈപാസ്, ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കൽ, പാലക്കാട് മെഗാ ഫുഡ് പാർക്ക് തുടങ്ങിയവ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ കാർഷിക വിപണനം, ഹൈടെക്ക് കൃഷി, ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ഉന്നത വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഇ-ഗവേണൻസ് സംരംഭം, ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം, നഗര വികസനം, വ്യവസായ ക്ലസ്റ്ററുകൾ, പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയവയുടെ വികസനം എന്നീ മേഖലകളിൽ നിർദ്ദേശിച്ചിട്ടുള്ള

പദ്ധതികളും കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി ബന്ധിപ്പിച്ചിരിക്കുന്നു. 2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 മായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന പദ്ധതികൾക്കായി 7284.98 കോടി രൂപ നിർദ്ദേശിച്ചിട്ടുണ്ട്.

കഴിഞ്ഞ സർക്കാർ 2016 മേയ്-ൽ പ്രവർത്തനം ആരംഭിക്കുകയും പതിമൂന്നാം പഞ്ചവത്സര പദ്ധതി അംഗീകരിച്ചുകൊണ്ട് ആസൂത്രണ പ്രക്രിയ തുടരാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ തീരദേശ – മലയോര മേഖലകളിലെ നിർദ്ദിഷ്ട തീരദേശ ഹൈവേയുടെയും മലയോര ഹൈവേയുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ ഊന്നൽ നൽകിയിട്ടുണ്ട് . കൂടാതെ ഗ്രാമങ്ങളിലേയും മലയോര മേഖലകളിലേയും സമഗ്ര വികസനത്തിനായി കാർഷിക ഉൽപ്പാദനം ഇരട്ടിയാക്കുന്നതിനും കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നൽകി കൊണ്ടാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ലെ പല നിർദ്ദേശങ്ങൾക്കും ഇതിനകം പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി രേഖകൾ വഴി ധനസഹായം ലഭിച്ചിട്ടുണ്ട്. കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ൽ ഗ്രാമീണ മേഖലകളിലും, നഗര പ്രദേശങ്ങളിലും, മലയോര മേഖലകളിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശിച്ചിട്ടുള്ള മിക്ക പ്രശ്നങ്ങളും കിഫ്ബി വഴി വൻ തോതിൽ നിക്ഷേപം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു . പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കിഫ്ബി വഴി ഇൻഫ്രാസ്ട്രക്ച്ചർ പ്രൊജക്റ്റുകളിൽ വൻ നിക്ഷേപം നടത്തുകയും കൂടാതെ പതിനാലാം പദ്ധതി കാലയളവിൽ കൂടുതൽ ഫണ്ട് നിക്ഷേപിക്കാനും സർക്കാർ പദ്ധതിയിടുന്നു.

മുൻ സർക്കാർ തെരഞ്ഞെടുപ്പ് പ്രകടന പത്രികയും പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയും വച്ച് കൊണ്ടാണ് പതിമൂന്നാം പദ്ധതി തയ്യാറാക്കിയിട്ടുള്ളതിനാൽ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ലെ ദീർഘവീക്ഷണ കാഴ്ചപ്പാടുകൾക്കായി ചില ആശയങ്ങൾ മാത്രമേ നൽകാനാവുകയുള്ളൂ. മുൻ സർക്കാരും നിലവിലെ സർക്കാരും

കേരള പരിപ്രേക്ഷ്യ പദ്ധതി 2030 നെ വികസനത്തിന്റെ ഒരു പ്രാഥമിക രേഖാരൂപമാക്കിയിട്ടില്ല.

സർക്കാർ ഇപ്പോൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷത്തിൽ എത്തിച്ചേരുകയും പ്രസ്തുത പദ്ധതി കാലയളവിലെ പദ്ധതി പ്രവർത്തനങ്ങളുടെ വ്യക്തമായ പരിണിതഫലത്തിന്റെ അടിസ്ഥാനത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മുൻ സർക്കാർ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ഒരു പ്രാഥമിക രേഖരൂപമാക്കിയിട്ടില്ലെങ്കിലും ഇതിലെ പല നിർദ്ദേശങ്ങളും പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ വാർഷിക പദ്ധതികളിലും അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പദ്ധതികൾക്ക് കിഫ്ബി വഴിയുള്ള വകയിരുത്തലിലും പ്രതിഫലിച്ചിട്ടുണ്ട് . അതിനാൽ കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ൽ കൂടുതൽ തുടർ പഠനങ്ങൾ ആവശ്യമില്ല.

**ശിപാർശ 6 (ഖണ്ഡിക 20)**

പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ അഭാവത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരു ബദൽ സംവിധാനം രൂപീകരിക്കുകയും ബജറ്റിതര സ്രോതസ്സുകൾ ലക്ഷ്യമിടുന്ന വികസന പദ്ധതി രൂപരേഖകൾ തയ്യാറാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

CSR ഉൾപ്പെടെയുള്ള പദ്ധതി സ്രോതസ്സുകൾ കണ്ടെത്തുന്നതിനും പ്രോജക്ടുകൾ വികസിപ്പിക്കുന്നതിനുമായി ഒരു പ്രോജക്ട് സെൽ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

കേന്ദ്രഗവൺമെന്റിന്റെ ഫണ്ട് ഷെയറിംഗ് വരുന്ന വിഷയങ്ങളിൽ നല്ല

പ്രോജക്ടുകൾ നൽകാത്തതുകൊണ്ട് തുക ലഭ്യമാകാത്ത അവസ്ഥയുണ്ടാകുന്നുണ്ടെന്നും CSR ഫണ്ട് ഉൾപ്പെടെയുള്ള പദ്ധതി സ്രോതസ്സുകൾ കണ്ടെത്തുന്നതിനും പ്രോജക്ടുകൾ വികസിപ്പിക്കുന്നതിനും ഒരു പ്രോജക്ട് സെൽ രൂപീകരിക്കുന്നത് പ്രോജക്ട് ഫിനാൻസിംഗിനും മാനേജ്മെന്റിനും സഹായകമാകുമെന്നതിനാൽ അത്തരമൊരു പ്രോജക്ട് സെൽ രൂപീകരിക്കുക.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്</u>**

പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ അഭാവത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരു ബദൽ സംവിധാനം രൂപീകരിക്കുകയും ബജറ്റിതര സ്രോതസ്സുകൾ ലക്ഷ്യമിടുന്ന വികസന പദ്ധതി രൂപരേഖകൾ തയ്യാറാക്കുകയും ചെയ്യണമെന്ന സമിതി ശിപാർശ സംസ്ഥാന ആസൂത്രണ ബോർഡ് പരിശോധിച്ചതിന്റെ ഭാഗമായി, നിലവിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ എല്ലാ ഡിവിഷനുകളും ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടുകയും കൂടാതെ വകുപ്പുകൾ സമർപ്പിക്കുന്ന പി.പി.പി. പ്രോജക്ടുകളുടെ ഫീസിബിലിറ്റി വിശകലനം ചെയ്ത് പ്രോജക്ടുകൾ ശരിയായ രീതിയിൽ അപഗ്രഥനം നടത്തുന്നതിനും വിഭവങ്ങൾ വീതിച്ച് നൽകുന്നതിനും , കൂടാതെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് വകയിരുത്തുന്നതിനും ആസൂത്രണ ബോർഡിലെ ഡിവിഷനുകൾ മികച്ച നിലവാരം പുലർത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ പി .എഫ്.സി. നിർവ്വഹിച്ചിരുന്ന ചുമതലകൾ ബന്ധപ്പെട്ട ഡിവിഷനുകൾ മുഖേന നിർവ്വഹിക്കാവുന്നതാണ്. ആവശ്യമെങ്കിൽ പുറമെ നിന്നും വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) ഫണ്ടിന്റെ സാധ്യതകളും ഉപയോഗവും പഠിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും സംസ്ഥാന ആസൂത്രണ ബോർഡ് മുൻ കൈയെടുക്കും എന്ന് 2023-24 ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള

നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ (2019-21) ഇരുപത്തിയഞ്ചാമത് റിപ്പോർട്ടിന്റെ ശിപാർശ പ്രകാരവും, 2023-24 ബജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 63 പ്രകാരവും സി.എസ്.ആർ. ഫണ്ട് ഉൾപ്പെടെ ബജറ്റ് ഇതര സ്രോതസ്സുകളുടെ സാധ്യതകളും , ഉപയോഗവും പഠിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു സംവിധാനം ആരംഭിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ ബജറ്റിതര സ്രോതസ്സുകളിൽ നിന്നും സംസ്ഥാനത്തിന് പരമാവധി ഫണ്ട് ലഭ്യമാക്കുന്നതിനും (ഉദാ-സി.എസ്.ആർ. ഫണ്ട്), കേന്ദ്രാവിഷ്കൃത പദ്ധതികൾ മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനും ആസൂത്രണം ചെയ്യുന്നതിനും സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരു സംവിധാനം രൂപീകരിക്കുന്നതിന് വിശദമായ പദ്ധതി നിർദ്ദേശം ആസൂത്രണ ബോർഡ് തയ്യാറാക്കി വരുന്നു.

**ശിപാർശ 7 (ഖണ്ഡിക 21)**

വിവിധ ശാസ്ത്രീയ പഠനങ്ങളിലൂടെയും വിദഗ്ദ്ധ പരിശീലന പരിപാടികളിലൂടെയും തുടക്കമിടുന്ന ചുരുക്കം ചില പദ്ധതികളെങ്കിലും പൂർണ്ണമായ ലക്ഷ്യം കാണുന്നതിനു മുൻപേ ഉപേക്ഷിക്കപ്പെടുകയോ പദ്ധതി വിഹിതം അതത് സാമ്പത്തിക വർഷങ്ങളിൽ പൂർണ്ണമായി വിനിയോഗിക്കപ്പെടാതെ പൂർത്തീകരണത്തിന് കാലതാമസം നേരിടുകയോ ചെയ്യുന്നതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇത്തരം പരിമിതികൾ ഒഴിവാക്കുന്നതിനും തുടക്കമിടുന്ന പദ്ധതികൾ പൂർണ്ണ ലക്ഷ്യത്തിലെത്തിക്കുന്നതിനും ആവശ്യമായ ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശിക്കുന്നതും എന്നാൽ ആരംഭിച്ചതിനുശേഷം കാലതാമസം നേരിടുന്നതുമായ പദ്ധതികൾ വാർഷിക പദ്ധതി രൂപീകരണ സമയത്ത് പ്രത്യേകം പരിഗണന നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്യുന്നതാണ് . മാത്രമല്ല, പഞ്ചവത്സര പദ്ധതികളുടെയും വാർഷിക പദ്ധതികളുടെയും രൂപീകരണത്തിന്റെ ഭാഗമായി വകുപ്പ് തല ചർച്ചകളും മന്ത്രിതല ചർച്ചകളും നടന്നുവരുന്നു. പ്രസ്തുത ചർച്ചകളിൽ എസ്റ്റിമേറ്റ്സ് കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന വീഴ്ചകൾ ഒഴിവാക്കുന്നതിനും പദ്ധതികൾ ഉദ്ദേശ ലക്ഷ്യത്തിൽ എത്തിക്കുന്നതിനും ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും . പദ്ധതികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നത് ഒഴിവാക്കാനും അവ പൂർണ്ണ ലക്ഷ്യത്തിൽ എത്തിക്കാനും പരമാവധി ശ്രമിക്കുന്നതാണ്. ഇതിനുവേണ്ടി റിവ്യൂ ആൻഡ് മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. സമിതിയുടെ ശിപാർശ ഉൾക്കൊള്ളുകയും ഇത് സംബന്ധിച്ച ആവശ്യ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്നതുമായിരിക്കും.

**ശിപാർശ 8 (ഖണ്ഡിക 28)**

ഭാവിയിലും കേന്ദ്രവിഹിതാനുപാതത്തിലുണ്ടാകാൻ സാധ്യതയുള്ള കുറവ് സംസ്ഥാനത്തിന് ഭീമമായ സാമ്പത്തിക ബാധ്യത സൃഷ്ടിക്കാൻ സാധ്യതയുള്ളതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വിഹിതത്തിന് കുറവ് വരാതെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും വരുമാനവും കണക്കിലെടുത്ത് അനുയോജ്യമായ രീതിയിൽ വിഹിത ഘടന പുനർ നിർണ്ണയിക്കാൻ കേന്ദ്ര സർക്കാരിലേക്ക് ശിപാർശ നൽകുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വിഹിതത്തിന് കുറവ് വരാതെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും വരുമാനവും കണക്കിലെടുത്ത് അനുയോജ്യമായ രീതിയിൽ വിഹിത ഘടന

പുനർനിർണയിക്കാനായി കേന്ദ്ര സർക്കാരിലേക്ക് ശിപാർശ നൽകുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ 9 (ഖണ്ഡിക 29)**

കേന്ദ്രസഹായം ലഭിക്കുന്നതിനായി സംസ്ഥാനം തയ്യാറാക്കുന്ന പദ്ധതികൾ മറ്റു സംസ്ഥാനങ്ങൾ മുന്നോട്ട് വയ്ക്കുന്ന പദ്ധതികളോടു കിടപിടിക്കുന്നതും ഉന്നത നിലവാരം പുലർത്തുന്നതുമാണെന്ന് ഉറപ്പു വരുത്തണമെന്നും അവ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കണമെന്നും പദ്ധതി നിർദ്ദേശങ്ങൾ നിരസിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി പദ്ധതി രൂപീകരണത്തിൽ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

കേന്ദ്രസഹായം ലഭിക്കുന്നതിനായി സംസ്ഥാനം തയ്യാറാക്കുന്ന പദ്ധതികൾ മറ്റു സംസ്ഥാനങ്ങളുടെ പദ്ധതികളോടു കിടപിടിക്കുന്നതും ഉന്നത നിലവാരം പുലർത്തുന്നതുമാണെന്ന് ഉറപ്പുവരുത്തുന്നതിനായി ആസൂത്രണ ബോർഡിൽ പ്രൊജക്ട് ഫിനാൻസിംഗ് സെല്ലിനു ബദലായി ഒരു സംവിധാനം സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**ശിപാർശ 10 (ഖണ്ഡിക 30)**

നിലവിൽ കേന്ദ്രസഹായം കൂടുതലായി ലഭിക്കുന്ന കോർ ഓഫ് ദി കോർ പദ്ധതികളിൻ കീഴിൽ വരുന്ന ഉത്പാദകക്ഷമമായ മേഖലകൾ കണ്ടെത്തി അവ വഴി പരമാവധി കേന്ദ്രസഹായം നേടിയെടുക്കുന്നതിനു പ്രാപ്തമായ വികസന പദ്ധതി മാർഗ്ഗരേഖകൾ രൂപീകരിക്കാൻ വകുപ്പുകൾക്ക് വേണ്ട നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്</u>**

കേന്ദ്ര സഹായം പരമാവധി നേടിയെടുക്കുന്നതിനു പ്രാപ്തമായ വികസന പദ്ധതി രേഖകൾ രൂപീകരിക്കാൻ വകുപ്പുകൾക്ക് വേണ്ട നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡ് നൽകുന്നുണ്ട്.

**<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>**

കേന്ദ്രസഹായം നേടിയെടുക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും നൽകുവാനും പ്രോജക്റ്റ് തയ്യാറാക്കുന്നതിന് വേണ്ട സാങ്കേതിക സഹായം കൂടുതൽ ശക്തമാക്കുവാനും നടപടി സ്വീകരിക്കണമെന്നും പ്രോജക്റ്റ് തയ്യാറാക്കുന്നവർക്കാവശ്യമായ പരിശീലനം നൽകുവാനും നടപടി സ്വീകരിക്കുക.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്</u>**

കേന്ദ്ര ബഡ്ജറ്റിൽ ഓരോ വകുപ്പിന്റേയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പട്ടിക ഉണ്ടാക്കി വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട്, ബന്ധപ്പെട്ട വകുപ്പുതലവൻമാർ, സെക്രട്ടറിമാർ എന്നിവരുമായി നടത്തുന്ന ചർച്ചകളിൽ അതാത് മേഖലകളിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെപ്പറ്റി അവബോധം നൽകുകയും അവ ഏറ്റെടുക്കാനുള്ള പിന്തുണസഹായവും സംസ്ഥാന ആസൂത്രണ ബോർഡ് നൽകാറുണ്ട്.

**<u>ശിപാർശ 11 (ഖണ്ഡിക 31)</u>**

കേന്ദ്ര ബജറ്റിൽ സംസ്ഥാന വിഹിതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സ്ഥിരതയോടെ നിലനിർത്തുന്നതിന് നികുതിയിതര മേഖലകളിലൂടെയുള്ള വരുമാനം ഉയർത്തുന്നതിനു വേണ്ടിയുള്ള നൂതന പദ്ധതികൾ രൂപപ്പെടുത്തുന്നതിന് വേണ്ട

പഠനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്</u>**

കേന്ദ്ര ബജറ്റിൽ സംസ്ഥാന വിഹിതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സ്ഥിരതയോടെ നിലനിർത്തുന്നതിന് നികുതിയിതര മേഖലകളിലൂടെയുള്ള വരുമാനം ഉയർത്തുന്നതിനു വേണ്ടിയുള്ള നൂതന പദ്ധതികൾ രൂപപ്പെടുത്തുന്നതിന് വേണ്ട പഠനങ്ങൾ നടത്തുന്നതിനു വേണ്ടി ശ്രമിക്കുന്നതാണ്.

**<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>**

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സ്ഥിരതയോടെ നില നിർത്തുന്നതിന് നികുതിയിതര മേഖലകളിലൂടെയുള്ള വരുമാനം ഉയർത്തുന്നതിനാവശ്യമായ നൂതന പദ്ധതികൾ രൂപപ്പെടുത്തുന്നതിന് വേണ്ട പഠനങ്ങൾ നടത്തുന്നതിന് ശ്രമിക്കുന്നതാണ് എന്ന മറുടി തൃപ്തികരമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, അക്കാര്യം പരിശോധിച്ച് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുക.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്</u>**

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിക്കുന്നതിന് ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന ആസൂത്രണ ബോർഡ് ലഭ്യമാക്കിയിട്ടുള്ളത് സർക്കാർ പരിശോധിച്ചു വരുന്നു.

**<u>ശിപാർശ 12 (ഖണ്ഡിക 34)</u>**

സംസ്ഥാനത്ത് സുലഭമായിട്ടുള്ള വൈജ്ഞാനിക , ബൗദ്ധിക മൂലധനത്തെ

പരമാവധി ഉത്പാദനക്ഷമമാക്കി തീർക്കാനുതകുന്നതും മൂലധന നിക്ഷേപം കുറഞ്ഞതും സേവന-വിദ്യാഭ്യാസ മേഖലകളിലൂന്നിയുള്ളതുമായ പദ്ധതികൾ രൂപീകരിക്കുന്നതിനായി വകുപ്പുകളുടെ പങ്കാളിത്തത്തോടെ ഗവേഷണ പഠനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സംസ്ഥാനത്ത് സുലഭമായിട്ടുള്ള വൈജ്ഞാനിക , ബൗദ്ധിക മൂലധനത്തെ ഉത്പാദനക്ഷമമാക്കി തീർക്കാനുതകുന്നതും മൂലധന നിക്ഷേപം കുറഞ്ഞതും സേവന-വിദ്യാഭ്യാസ മേഖലകളിലൂന്നിയിട്ടുള്ളതുമായ പദ്ധതികൾ രൂപീകരിക്കുന്നതിനായി വകുപ്പുകളുടെ പങ്കാളിത്തത്തോടെ ഗവേഷണ പഠനങ്ങൾ നടത്തുന്നതിനു വേണ്ടി ശ്രമിക്കുന്നതാണ്.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

പ്രസ്തുത ശിപാർശ സംബന്ധിച്ച നടപടി റിപ്പോർട്ടിലെ വിശദീകരണത്തിൽ വ്യക്തത കുറവായതിനാൽ അക്കാര്യം പരശോധിച്ച് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുക.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

കേരള വികസന റിപ്പോർട്ട് (Kerala Development Report 2021) പ്രകാരം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങൾ വൈജ്ഞാനിക സമ്പദ് വ്യവസ്ഥ ക്ലസ്റ്റർ ആയി മാറാൻ സാധ്യതയുള്ള പ്രദേശങ്ങളായി കണക്കാക്കുന്നു . മൂലധന നിക്ഷേപം കുറഞ്ഞതും സേവന-വിദ്യാഭ്യാസ മേഖലകളിലൂന്നിയതുമായ പദ്ധതികൾ രൂപീകരിക്കുന്നതിന് വകുപ്പുകളുടെ പങ്കാളിത്തത്തോടെ പഠനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ശിപാർശ 13 (ഖണ്ഡിക 36)**

മാറി വരുന്ന ദേശീയ-ആഗോള സാഹചര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനത്തിന് ഉണർവേകാൻ നിലവിലെ ഘടനയിൽ നവീകരണം ആവശ്യമാണോ എന്ന് പരിശോധിക്കണമെന്നും അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് സമർപ്പിച്ച നിർദ്ദേശങ്ങൾ ഉചിതമാണെങ്കിൽ പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ കേന്ദ്ര പദ്ധതികളുടെ നിർവ്വഹണവും പുരോഗതിയും വിലയിരുത്തുന്നതിനും പദ്ധതികൾക്കായി കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും അത് നിരീക്ഷിക്കുന്നതിനുമായി പദ്ധതി നിർവ്വഹണ വിലയിരുത്തൽ വകുപ്പെന്ന പേരിൽ ഒരു പുതിയ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആസൂത്രണ ബോർഡിന്റെ നവീകരണം ആവശ്യമില്ല.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

വിവിധ പദ്ധതികൾക്കായി കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി ഏകോപിപ്പിക്കുന്നതിനും അത് നിരീക്ഷിക്കുന്നതിനുമായി രൂപീകരിക്കപ്പെട്ട 'പദ്ധതി നിർവ്വഹണ വിലയിരുത്തൽ വകുപ്പിന്റെ ' പ്രവർത്തനം സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കുക.

**സർക്കാർ സ്വീകരിച്ച നടപടി**

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ നിലവിലുണ്ടായിരുന്ന കോ -ഓർഡിനേഷൻ സെൽ

20.07.2018-ലെ സർക്കാർ ഉത്തരവ് (സ.ഉ.(കൈ) നമ്പർ 20/2018/പ്ലാനിംഗ്) പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിൽ ലയിപ്പിക്കുകയുണ്ടായി. തുടർന്ന് 21.05.2021-ലെ സ .ഉ.(കൈ)നം.105/2021/പൊഭവ ഉത്തരവ് പ്രകാരം സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റിനെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ നിന്നും വേർപ്പെടുത്തി "പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്" എന്ന പേരിൽ ഒരു പുതിയ ഭരണ വകുപ്പ് രൂപീകരിക്കുകയുണ്ടായി.

സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾ അതാത് ഭരണ വകുപ്പുകൾ നേരിട്ടാണ് കേന്ദ്ര സർക്കാരിന് സമർപ്പിക്കാറുള്ളത്. ടി പദ്ധതികളുടെ ഫോളോ അപ്പ് അതാത് ഭരണ വകുപ്പുകൾ സമയബന്ധിതമായി ചെയ്തു വരുന്നുണ്ട് . കേന്ദ്ര സർക്കാർ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി തലത്തിൽ പ്രതിമാസ അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട് . കൂടാതെ, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗമനം വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ ഈ വകുപ്പ് നടത്താറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സൂക്ഷമമായ നിരീക്ഷണത്തിനായും , കൂടാതെ നടത്തിപ്പ് മെച്ചപ്പെടുത്തുന്നതിനായും 08.11.2023-ലെ സ .ഉ.(സാധാ) നം.315/2023/PIE&MD പ്രകാരം, ചീഫ് സെക്രട്ടറി അധ്യക്ഷനും, പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വൈസ് ചെയർ മാനും, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി ഒരു പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ആദ്യ യോഗം 14.12.2023-ൽ കൂടുകയുണ്ടായി. പ്രസ്തുത യോഗ തീരുമാന പ്രകാരം മുഴുവൻ വകുപ്പുകളിലെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമഗ്രമായ ഒരു വിലയിരുത്തലും / നിരീക്ഷണവും നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

ഇതു കൂടാതെ, സംസ്ഥാനത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനുതകുന്ന

വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട് (വിഴിഞ്ഞം പദ്ധതി, ജലജീവൻ മിഷൻ, കൊച്ചി മെട്രോ റെയിൽ, തിരുവനന്തപുരം ഓട്ടർ റിങ് റോഡ് പോലുള്ളവ). പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിലെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ സെല്ലും പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പും സംയുക്തമായി പ്രവർത്തിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ മുൻഗണനാ പദ്ധതികൾ, വൻകിട നിക്ഷേപ പദ്ധതികൾ എന്നിവ ജില്ലാ തലത്തിൽ തന്നെ നിരീക്ഷിക്കുവാനും, പദ്ധതികളുടെ വേഗം കൂട്ടുവാനും വേണ്ടി ജില്ലാതലത്തിൽ ജില്ലാ വികസന കമ്മീഷണറുടെ നേതൃത്ത്വത്തിൽ വിലയിരുത്തലുകൾ നടത്തി വേണ്ട തുടർ നടപടികൾ സ്വീകരിച്ചു വരുന്നു . പദ്ധതികളുടെ അവലോകനവും കൃത്യമായ ഇടവേളകളിൽ സംസ്ഥാന തലത്തിലും ഈ വകുപ്പിൽ നടത്തി വരുന്നുണ്ട്.

<u>**ശിപാർശ 14 (ഖണ്ഡിക 40)**</u>

സംസ്ഥാനത്തിന്റെ സാമ്പത്തിക നില കണക്കിലെടുക്കുമ്പോൾ അവയോടൊപ്പം ശാശ്വത പരിഹാരമെന്ന നിലയിൽ പ്രവാസികളുടെ തൊഴിൽ സ്ഥിരത, അവസരങ്ങൾ, ക്ഷേമം എന്നിവ മെച്ചപ്പെടുത്തുന്നതിനായി പ്രധാന കുടിയേറ്റ രാജ്യങ്ങളുമായുള്ള സംസ്ഥാനത്തിന്റെ നയതന്ത്ര ബന്ധവും സഹകരണവും മികച്ചതാക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശം സർക്കാരിലേക്ക് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>**സർക്കാർ സ്വീകരിച്ച നടപടി**</u>

<u>**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**</u>

പ്രവാസികളുടെ തൊഴിൽ സ്ഥിരത , അവസരങ്ങൾ, ക്ഷേമം എന്നിവ മെച്ചപ്പെടുത്തുന്നതിനായും പ്രധാന കുടിയേറ്റ രാജ്യങ്ങളുമായുള്ള സംസ്ഥാനത്തിന്റെ നയതന്ത്ര ബന്ധവും സഹകരണവും മികച്ചതാക്കുന്നതിനു വേണ്ടിയും നോർക്ക റൂട്സിന്റെ പുന:സംഘടനയിൽ ഒരു പഠനം സംസ്ഥാന ആസൂത്രണ ബോർഡ്

സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വേണ്ടി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും വിവിധ വകുപ്പുകളെ കൂടി സംയോജിപ്പിച്ച് കൊണ്ടുള്ള പ്രവർത്തന രൂപരേഖ സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുകയും നോർക്ക വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ 15 (ഖണ്ഡിക 43)**

സംസ്ഥാനത്തെ അവിദഗ്ധ തൊഴിൽ മേഖലയിലെ കുടിയേറ്റ തൊഴിലാളികളുടെ ബാഹുല്യം സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ സൃഷ്ടിക്കുന്ന സ്വാധീനം പഠനവിധേയമാക്കാൻ വേണ്ട വിവരങ്ങൾ സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരകണക്കെടുപ്പിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച സമ്പൂർണ്ണ സ്ഥിതി വിവരകണക്കുകൾ ഇപ്പോൾ ഈ വകുപ്പിൽ ലഭ്യമല്ല . സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് നടത്തുന്നതിന് 28.09.2022-ലെ സ .ഉ.(കൈ)നം.22/2022/പി&ഇ.എ. പ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ശിപാർശ 16 (ഖണ്ഡിക 44)**

സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും ഞെരുക്കവും മറികടക്കാനും വരുമാനം വർദ്ധിപ്പിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മികച്ചതാക്കേണ്ടതുണ്ട്. എന്നാൽ പല പൊതുമേഖലാ സ്ഥാപനങ്ങളും വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വസ്തുത ആശങ്കാജനകമാണ്. ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് മുൻ സാമ്പത്തിക വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്തുകൊണ്ടുള്ള "എ

റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇൻ കേരള " എന്ന റിപ്പോർട്ട് തയ്യാറാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിൽ തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ പ്രവർത്തനം വിശദമായി വിലയിരുത്തി നഷ്ടത്തിനു കാരണമാകുന്ന ഘടകങ്ങൾ, വകുപ്പുകൾ മുഖാന്തരം കണ്ടെത്തണമെന്നും പ്രവർത്തന ശൈലി, ഘടന, നടത്തിപ്പ് എന്നിവയിൽ കൊണ്ടുവരാവുന്ന ഗുണകരമായ മാറ്റങ്ങൾക്കുള്ള ആശയനിർദ്ദേശങ്ങൾ രൂപപ്പെടുത്താൻ വേണ്ട സാങ്കേതിക വൈജ്ഞാനിക നിർദ്ദേശങ്ങൾ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്**

പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഉചിതമായ തിരുത്തലുകൾ വരുത്തുന്നതിനുമായി പൊതു സംരംഭങ്ങളുടെ വാർഷിക അവലോകനത്തെക്കുറിച്ച് ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു, 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി നിർദ്ദേശത്തിൽ 50 ലക്ഷം രൂപ "Performance Monitoring of PSUs" എന്ന ഘടകത്തിനായി മാറ്റി വച്ചിട്ടുണ്ട്. പ്രസ്തുത ഘടകത്തിൻ കീഴിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

വാർഷിക അവലോകനത്തിൽ നിന്നുള്ള പഠനങ്ങളെ അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന നിരീക്ഷണത്തിനും, പുനരുജ്ജീവന പദ്ധതികൾ/ഭാവി ബിസിനസ് പ്ലാനുകൾ തയ്യാറാക്കുന്നതിനും ഊന്നൽ നൽകുന്നതിനും മികച്ച പ്രകടനം കാഴ്ചവയ്ക്കാത്തതും, ദീർഘകാലമായി തുടർച്ചയായി നഷ്ടം റിപ്പോർട്ട് ചെയ്യുന്നതുമായ അഞ്ച് സംരംഭങ്ങളെ വിവിധ മേഖലകളിൽ നിന്ന് ഏറ്റെടുക്കുന്നതിനും പദ്ധതി നിർദ്ദേശിക്കുന്നു. ഈ അഞ്ച് സംരംഭങ്ങൾ അവരുടെ

പ്രവർത്തനങ്ങളിൽ നേരിടുന്ന നഷ്ടങ്ങളുടെയും മറ്റ് പ്രശ്നങ്ങളുടെയും മേഖല തിരിച്ചുള്ള കാരണങ്ങൾ വിശകലനം ചെയ്യുകയും പരിഹാര നടപടികൾ ശുപാർശ ചെയ്യുകയും ഓരോ കേസിന്റെ അടിസ്ഥാനത്തിൽ പുനരുജ്ജീവന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നതിന് പദ്ധതി ആസൂത്രണം ചെയ്യുവാനുമാണ് ഉദ്ദേശിക്കുന്നത്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ നഷ്ടത്തിലായ കമ്പനികളെ പുനരുജ്ജീവിപ്പിക്കാനാകുമെങ്കിൽ അതിനുള്ള നടപടിയെടുക്കണമെന്നും അല്ലാത്ത പക്ഷം കമ്പനിയുടെ പ്രവർത്തനത്തെക്കുറിച്ച് റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു. ജി.എസ്.ടി. നടപ്പാക്കിയത് പൊതുമേഖലാ സ്ഥാപനങ്ങളെ എത്രത്തോളം ബാധിച്ചുവെന്ന് പരിശോധിക്കണമെന്നും തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളെ കണ്ടെത്തി അവയുടെ പ്രവർത്തനം വിശദമായി വിലയിരുത്തുന്നതിനും നഷ്ടത്തിന് കാരണമായ ഘടകങ്ങൾ തിരിച്ചറിഞ്ഞ് അവ പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

## സർക്കാർ സ്വീകരിച്ച നടപടി

### ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്

സമിതി നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ ഈ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

## നഷ്ടത്തിലായ കമ്പനികളുടെ പുനരുജ്ജീവനം

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു പൊതുവായ ശമ്പള/വേതന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള എക്സ്പെർട്ട്

കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് ധനകാര്യ വകുപ്പ് സ .ഉ. (അച്ചടി) നം.131/2022/ധന. തീയതി 29.10.2022 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് പ്രസ്തുത ഉത്തരവ്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 7 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സ്കോർ നൽകുകയും സ്കോർ അടിസ്ഥാനത്തിൽ 4 വിഭാഗങ്ങൾ ആക്കി തരംതിരിക്കുകയും ഡയമണ്ട്/ഗോൾഡ്/സിൽവർ/ബ്രോൺസ് എന്നിങ്ങനെ ബ്രാൻഡ് ചെയ്യുകയും ചെയ്യുന്ന ഒരു വ്യവസ്ഥയാണ് അവലംബിച്ചിരിക്കുന്നത് . ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പാണ് ഈ സ്കോർ നിർണ്ണയിച്ച് സ്ഥാപനങ്ങളെ വർഗ്ഗീകരിക്കുന്നത്. ഇപ്രകാരം ഓരോ പൊതുമേഖലാ സ്ഥാപനവും ഏതു വിഭാഗത്തിൽ ഉൾപ്പെടുമെന്നതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ ശമ്പളഘടന നിശ്ചയിച്ചിരിക്കുന്നു. ഇപ്രകാരം നിശ്ചയിച്ചു നൽകുന്ന സ്കോർ നിശ്ചിത ഇടവേളകളിൽ പുന:പരിശോധിക്കുകയും പുനർനിർണ്ണയിക്കുകയും ചെയ്യുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു അംഗീകാരം എന്ന നിലയിലാണ് ഈ വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നത് . നഷ്ടത്തിലായ സ്ഥാപനങ്ങൾക്ക് തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തുന്നതിനും ഈ നടപടികൾ കൊണ്ട് സാധിക്കും.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും MoU സിസ്റ്റം (Memorandum of Understanding) നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട് . സ്ഥാപനങ്ങളുടെ പ്രവർത്തനമികവ് വിലയിരുത്തുന്നതിനുള്ള ഒരു മാർഗ്ഗമാണ് ഈ വ്യവസ്ഥ. സ്ഥാപനങ്ങളുടെ പ്രകടനം വിലയിരുത്തുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ഓരോ സാമ്പത്തിക വർഷത്തെയും പ്രവർത്തനലക്ഷ്യം വ്യക്തമാക്കിക്കൊണ്ടുള്ള MoU

തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന തീരുമാനമാണിത് . MoU സിസ്റ്റം സംസ്ഥാനത്തു ആദ്യമായി നടപ്പാക്കുന്നതിനാൽ ഇക്കാര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പരിശീലനം നൽകുന്നതിനായി ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റുമായി ചേർന്ന് പരിശീലനപരിപാടി നടത്തിവരുന്നു. 2023 മാർച്ച് മാസത്തിൽ ആരംഭിച്ചിട്ടുള്ള പരിശീലനം നടപ്പു സാമ്പത്തികവർഷത്തിലും തുടരാൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് വ്യവസായവും വാണിജ്യവും വകുപ്പിന് കീഴിലാണ്. 2021-22 ബി.പി.ഇ. റിവ്യൂ റിപ്പോർട്ട് പ്രകാരം 51 സ്ഥാപനങ്ങൾ പ്രസ്തുത വകുപ്പിന്റെ കീഴിലുണ്ട്. നഷ്ടത്തിലായ കമ്പനികളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട സമീപകാല പഠന റിപ്പോർട്ടുകൾ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്ന് പബ്ലിക് റീസ്ട്രക്ചറിങ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡിനോട് (RIAB) അഭ്യർത്ഥിക്കുകയുണ്ടായി. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ചു പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാവി വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടെയും പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാരിന് സമർ പ്പിച്ചതായി RIAB അറിയിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലെ 41 സ്ഥാപനങ്ങളിലാണ് 2659.30 കോടി രൂപയുടെ 175 ഹ്രസ്വകാല പദ്ധതികൾ, 2833.32 കോടി രൂപയുടെ 131 ഇടക്കാല പദ്ധതികൾ, 3974.73 കോടി രൂപയുടെ 99 ദീർഘകാല പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്നാണ് RIAB അറിയിച്ചിരിക്കുന്നത്. തുടർ നടപടികൾ സ്വീകരിക്കുന്നത് വ്യവസായ വകുപ്പാണ്.

<u>ജി.എസ്.ടി. നടപ്പാക്കിയത് പൊതുമേഖലാ സ്ഥാപനങ്ങളെ എത്രത്തോളം ബാധിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ</u>

സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജി .എസ്.ടി. നടപ്പാക്കിയത് പൊതുമേഖലാ സ്ഥാപനങ്ങളെ എത്രത്തോളം ബാധിച്ചു എന്നത് സംബന്ധിച്ച് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളോടും റിപ്പോർട്ട് ആവശ്യപ്പെട്ടു. 131 പൊതുമേഖലാ സ്ഥാപനങ്ങളിൽ 65 സ്ഥാപനങ്ങൾ മറുപടി ലഭ്യമാക്കിയിട്ടുണ്ട് . 56.9% സ്ഥാപനങ്ങൾ GST നടപ്പിലാക്കിയത് സ്ഥാപനത്തെ പ്രത്യേകമായി ബാധിച്ചിട്ടില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. 35.4% സ്ഥാപനങ്ങൾ GST നടപ്പാക്കിയത് പ്രതികൂലമായി ബാധിച്ചതായി പരാമർശിക്കുന്നു. 7.7% സ്ഥാപനങ്ങൾ GST അനുകൂല ഫലം നൽകിയതായി അറിയിച്ചിട്ടുണ്ട്.

GST പ്രതികൂലമായി ബാധിച്ചതായി അവകാശപ്പെടുന്ന സ്ഥാപനങ്ങൾ പ്രധാനമായും ഉന്നയിച്ചിരിക്കുന്നത് ചുവടെ ചേർക്കുന്ന വിഷയങ്ങളാണ്.

- Input Tax Credit (ITC) പൂർണ്ണമായും പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. സപ്ലയേഴ്സ് യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതെ വരിക , പ്രാദേശിക ചെറുകിട വ്യാപാരികൾക്ക് രജിസ്ട്രേഷൻ ഇല്ലാതിരിക്കുക എന്നിവ ITC നിഷേധിക്കപ്പെടുവാനിടയാക്കുന്നു.
- സാങ്കേതിക പരിജ്ഞാനക്കുറവ്, വിദഗ്ധരായ ജീവനക്കാരുടെ അഭാവം , ഇടപാടുകളുടെ ആധിക്യം എന്നിവ കാരണം സമയബന്ധിതമായി റീകൺസിലിയേഷൻ പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നു.
- സ്വകാര്യ സ്ഥാപനങ്ങളുടെ TDS പിടിക്കേണ്ട ബാധ്യത കമ്പനിയിൽ നിക്ഷിപ്തമാവുന്നു.
- പലിശ, ഫൈൻ എന്നിവ തവണകളായി അടയ്ക്കുന്നതിനുള്ള അവസരം ലഭിക്കുന്നില്ല.
- കൈത്തറി - കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ

സ്ഥാപനങ്ങൾക്ക് GST നടപ്പാക്കിയതുമൂലം ഉത്പന്നങ്ങളുടെ വിലയിലുണ്ടായ വർധന വില്പനയിൽ ഗണ്യമായ കുറവ് വരുത്തി. അധിക നികുതിബാധ്യത സ്ഥാപനം തന്നെ ഏറ്റെടുത്തതുകൊണ്ട് വിപണിയിൽ കുറഞ്ഞ വിലയിൽ വിൽപന നടത്തേണ്ടി വരുന്നു.

- GST മൂലമുണ്ടായ നികുതി വർദ്ധനവ് മൂലം സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റിൽ നിയന്ത്രണങ്ങൾ വേണ്ടി വരുന്നു.
- GST- യിൽ ഉൾപ്പെടാത്ത ഇന്ധനച്ചെലവ് മുതലായവയ്ക്ക് ക്രെഡിറ്റ് സൗകര്യം ലഭിക്കുന്നില്ല.
- ലീഗൽ സ്ക്രൂട്ടിനി , ഗവേഷണം, കൺസൾട്ടൻസി, പരിശീലനങ്ങൾ എന്നിവയ്ക്ക് GST ബാധകമായതിനാൽ പ്രവർത്തനച്ചെലവ് അധികരിച്ചു.
- പദ്ധതി വിഹിതത്തിൽ നിന്നും നികുതി അടയ്ക്കേണ്ടതായി വരുന്നതുമൂലം പദ്ധതി നടത്തിപ്പിൽ പരിമിതികൾ നേരിടുന്നു.

GST അനുകൂലമായി ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ പ്രധാനമായും ചുവടെ ചേർത്തിട്ടുള്ള വിവരങ്ങളാണ് അറിയിച്ചിട്ടുള്ളത്.

- അന്തർ സംസ്ഥാന വാങ്ങലുകളിൽ GST നിലവിൽ വന്നതോടെ input tax സൗകര്യം ലഭിക്കുന്നതിനാൽ പ്രയോജനപ്രദമാണ്.
- വിവിധ ശാഖകളുള്ള പണമിടപാട് സ്ഥാപനങ്ങൾക്ക് GST നടപ്പാക്കിയത് നികുതി ഒടുക്കൽ പ്രക്രിയ ലളിതവും പിഴവുകളില്ലാത്തതുമാക്കി.

**ശിപാർശ 17 (ഖണ്ഡിക 46)**

ഇത്തരത്തിൽ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ നിഷ്ക്രിയ ആസ്തികളിൽ വലിയ തുക ചെലവഴിക്കേണ്ടി വരുന്ന പദ്ധതികളെക്കാൾ ഉത്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതി രൂപരേഖകൾക്ക് പ്രാധാന്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ.) വകുപ്പ്**

ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും കേരളത്തെ പുനർനിർമിക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ലക്ഷ്യം . അതിജീവനക്ഷമതയുള്ളതും നിലവാരം പുലർത്തുന്നതുമായ പുനർനിർമാണ പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ.) നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത് . ആർ.കെ.ഐ. പദ്ധതികളുടെ തെരഞ്ഞെടുപ്പിൽ അടിസ്ഥാന വികസന സൗകര്യത്തോടൊപ്പം ഉത്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതികൾക്കും മുൻഗണന നൽകുന്നുണ്ട് . ആർ.കെ.ഐ.യുടെ ഭാഗമായി പുനർനിർമിക്കുന്ന അടിസ്ഥാനസൗകര്യ വികസന പദ്ധതികളെല്ലാംതന്നെ സംസ്ഥാനത്തിന്റെ പൊതുവായ സാമ്പത്തിക വികസനത്തിന് സഹായകരമാകുന്നവയാണ്.

**ശിപാർശ 18 (ഖണ്ഡിക 47)**

കേരളത്തിന്റെ പൈതൃകത്തിലൂന്നിയുള്ള പ്രധാന വ്യവസായമാണ് ടൂറിസം . സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിലേക്ക് ഈ മേഖല വലിയ പങ്കാണ് വഹിക്കുന്നത്. അതിനാൽ നവകേരള നിർമ്മിതിയുടെ പദ്ധതികളിൽ അനുയോജ്യ മേഖലകളിൽ ടൂറിസത്തിന്റെ വികസന സാധ്യതകൾ പരിഗണിച്ച് അടിസ്ഥാന സൗകര്യ വികസനം വിനോദ സഞ്ചാര സൗഹൃദപരമായി മാറ്റുന്ന രീതിയിലുള്ള ആശയങ്ങൾ ഉൾപ്പെടുത്തുന്നതിന് വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മാർഗനിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ.) വകുപ്പ്**

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഏറ്റെടുക്കുന്ന പദ്ധതികൾ സംബന്ധിച്ച്

കൃത്യമായ മാർഗനിർദ്ദേശം വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പദ്ധതികളാണ് ആർ.കെ.ഐ. ഏറ്റെടുക്കുന്നത്. ആർ.കെ.ഐ. ഊന്നൽ നൽകുന്ന മുഖ്യ മേഖലകളിൽ ടൂറിസം ഉൾപ്പെടുന്നില്ലെങ്കിലും പൊതുമരാമത്ത് , തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ്, ജലവിഭവ വകുപ്പ് തുടങ്ങിയവ മുഖേന ആർ.കെ.ഐ. ഏറ്റെടുത്തിട്ടുള്ള പല പദ്ധതികളും ടൂറിസം മേഖലയ്ക്കുകൂടി ഗുണം ചെയ്യുന്നവയാണ്.

**<u>വിനോദസഞ്ചാര (സി) വകുപ്പ്</u>**

ഒരു പഞ്ചായത്തിൽ ചുരുങ്ങിയത് ഒരു ടൂറിസം ഡെസ്റ്റിനേഷൻ എങ്കിലും നിലവിൽ വരണം എന്ന ഉദ്ദേശത്തോട് കൂടി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

**<u>ശിപാർശ 19 (ഖണ്ഡിക 49)</u>**

മാറി വരുന്ന പ്രകൃതി സാഹചര്യങ്ങൾ കണക്കിലെടുത്ത് ഭാവിയിലുണ്ടാകാനിടയുള്ള നഷ്ടത്തിന്റെ ആക്കം കുറയ്ക്കാൻ ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ സർക്കാർ പങ്കാളിത്തത്തോടെ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന്റെ സാധ്യതകൾ പഠനവിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ.) വകുപ്പ്</u>**

കേരള പുനർനിർമ്മാണത്തിനുള്ള ലോകബാങ്ക് സഹായത്തിന്റെ രണ്ടാം ഘട്ടമായ ഫലപ്രാപ്തി അധിഷ്ഠിത വായ്പാ പദ്ധതിയുടെ (PfR) ഭാഗമായി, ജനങ്ങൾക്കു ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ലഭ്യമാക്കുന്ന സാമ്പത്തിക സഹായവും ഇൻഷുറൻസ് പരിരക്ഷയും മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ സർക്കാരിന്റെ

പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച വിവിധ വിഷയങ്ങൾ പഠനവിധേയമാക്കി പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്താനാണ് ആലോചിക്കുന്നത്.

**കെ. കെ. ശൈലജ ടീച്ചർ,**
*ചെയർപേഴ്സൺ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജൂലൈ 9